## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3231** **01-03-2023 - ൽ മറുപടിയ്ക്ക്**

## സ്ക്രൈബിനെ വച്ച് പരീക്ഷ എഴുതിയ കുട്ടികളുടെ കണക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2022-ൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ ആകെ എത്ര വിദ്യാർത്ഥികളാണ് പരീക്ഷ എഴുതിയതെന്ന് വ്യക്തമാക്കാമോ; | (എ) | **4,26,469 വിദ്യാർത്ഥികൾ.** |
| (ബി) | അതിൽ പഠന വൈകല്യം കാരണം സഹായിയെ വച്ച് പരീക്ഷ എഴുതിയവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (ബി) | **പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും പഠന വൈകല്യമുള്ള 7313 എണ്ണം വിദ്യാർത്ഥികൾക്കാണ് പരീക്ഷ എഴുതാൻ സഹായിയെ അനുവദിച്ച് നൽകിയത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.** |
| (സി) | ഓരോ ജില്ലയിലും സഹായിയെ വച്ച് എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ എണ്ണം ഗവൺമെന്റ്/ എയ്ഡഡ് മേഖല തിരിച്ച് ലഭ്യമാക്കാമോ; | (സി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | ഇത്തരത്തിൽ പഠന വൈകല്യം കണ്ടെത്തി സർട്ടിഫിക്കറ്റ് നൽകാൻ ശിപാർശ ചെയ്യുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഡി) | 29-08-2022 ലെ കത്ത് നം. ഐ.ഇ.ഡി/618332/2022/ഡി.ജി.ഇ. പ്രകാരം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഈ കുട്ടികൾക്ക് മെഡിക്കൽ പരിശോധന ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിൽ എല്ലാ പൊതുവിദ്യാലയങ്ങളിലും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങളും പാലിക്കേണ്ട സമയക്രമവും ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ പൊതു വിദ്യാലയങ്ങളിലും സ്ഥാപന മേലധികാരിയുടെ നേതൃത്വത്തിൽ സ്പെസിഫിക് ലേണിംഗ് ഡിസ്എബിലിറ്റി സ്ക്രീനിംഗ് കമ്മറ്റി രൂപീകരിക്കുന്നതിനും സ്ക്രീനിംഗ് കമ്മിറ്റിയിൽ അദ്ധ്യാപക പ്രതിനിധികൾ, രക്ഷാകർത്താക്കളുടെ പ്രതിനിധി, റിസോഴ്സ് അദ്ധ്യാപകർ, ലഭ്യമാകുന്ന സ്ഥലങ്ങളിൽ ക്ലിനിക്കൽ/ റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ്, പീഡിയാട്രീഷൻ എന്നിവരെ ഉൾപ്പെടുത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ചുമതലയിലുള്ള |

| | | | |
|---|---|---|---|
| | | | സ്ക്രീനിംഗ് കമ്മിറ്റി സ്പെസിഫിക് ലേണിംഗ് ഡിസ്എബിലിറ്റി സംശയിക്കുന്നവരുടെ പട്ടിക അദ്ധ്യാപകരോട് തയ്യാറാക്കുന്നതിനും ഇങ്ങനെ തയ്യാറാക്കുന്ന പട്ടിക സ്ക്രീനിംഗ് കമ്മറ്റിയുടെ ശുപാർശയോടുകൂടി ബി.ആർ.സികളിൽ ക്രോഡീകരിച്ച് ബോർഡിന് സമർപ്പിക്കുന്നതിനുമുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതിനു പുറമെ ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നതിനു കളക്ടർ, ജില്ലാ പഞ്ചായത്ത്, വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, സമഗ്ര ശിക്ഷാ കേരള, മെഡിക്കൽകോളേജ് പ്രിൻസിപ്പൽ, ജില്ലാ ഓഫീസർ (സാമൂഹ്യ നീതി വകുപ്പ്) എന്നിവരുടെ യോഗം ചേരുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| നം. | ജില്ല | സ്ക്രൈബിനെ ഉപയോഗിച്ച് പരീക്ഷ എഴുതിയ ഘഉ/ടഘഉ കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 45 |
| 2 | കൊല്ലം | 70 |
| 3 | പത്തനംതിട്ട | 3 |
| 4 | ആലപ്പുഴ | 49 |
| 5 | കോട്ടയം | 61 |
| 6 | ഇടുക്കി | 268 |
| 7 | എറണാകുളം | 407 |
| 8 | തൃശ്ശൂർ | 413 |
| 9 | പാലക്കാട് | 1989 |
| 10 | മലപ്പുറം | 2239 |
| 11 | കോഴിക്കോട് | 45 |
| 12 | കണ്ണൂർ | 349 |
| 13 | വയനാട് | 731 |
| 14 | കാസറഗോഡ് | 644 |
| | **ആകെ** | **7313** |